**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **20-06-2024 - ൽ മറുപടിയ്ക്ക്**

**പോഷക സമൃദ്ധി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. പി.പി. സുമോദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വയംപര്യാപ്ത ആരോഗ്യഭക്ഷണത്തിനായി പോഷക സമൃദ്ധി മിഷൻ രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നല്കി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് 13/09/2023 ലെ സർക്കാർ ഉത്തരവ് (സാധാ) നം.885/2023/കൃഷി പ്രകാരം **"പോഷക സമൃദ്ധി മിഷൻ"** രൂപീകരിച്ചിട്ടുണ്ട്.<br><br>കേരള ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖലയെ സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുമാണ് പോഷക സമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.<br><br>പോഷക സമൃദ്ധവും, സുരക്ഷിതമായ ഭക്ഷണം ഉറപ്പ് വരുത്തുന്നതിനും മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മിഷൻ സഹായകരമാകുന്നതാണ്. പോഷക സമൃദ്ധമായ ഭക്ഷണ പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നീ വിളകൾക്ക് മിഷനിലൂടെ പ്രോത്സാഹനം നൽകുന്നു. പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട വിവിധ വിളകൾ, വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ(അഗ്രോ എക്കോളജിക്കൽ സോൺ) |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ സമയ ബന്ധിതമായി ഉത്പാദിപ്പിക്കുന്നതാണ്. ഇതിനായി മേൽപ്പറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്ന വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നതാണ്.<br><br>**"പോഷക സമൃദ്ധി മിഷൻ" ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>**ലക്ഷ്യങ്ങൾ**<br><br>1. പച്ചക്കറി/പയറുവർഗ്ഗങ്ങൾ/ ചെറുധാന്യങ്ങൾ / പഴവർഗ്ഗങ്ങൾ എന്നിവയുടെ ആവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.<br>2. പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക.<br>3. പോഷക പ്രധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉല്പാദനവും ഉപയോഗവും വ്യാപകമാക്കുക.<br>4. പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവ യെല്ലാം ഉല്പാദനം ആരോഗ്യ സൂചികക്കനുസൃതമായി വർദ്ധിപ്പിക്കുക.<br>5. ക്ലൺ കൃഷിയും ക്ലൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.<br>6. ഉത്തമ കൃഷിരീതികളിലൂടെയും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങൾ ലഭ്യമാക്കുക.<br>7. ഉല്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.<br>8. പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നല്കി ജീവിത ശൈലി രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക. |
| (ബി) | പ്രസ്തുത മിഷൻ ലക്ഷ്യം നേടുന്നതിന്റെ ഭാഗമായി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇതിലൂടെ ചെറുധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയുടെ ഉല്പാദനം ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിലിന്റെ (ICMR) വിദഗ്ധ സമിതിയുടെ ശുപാർശ പ്രകാരം ഒരു വ്യക്തി ഒരു ദിവസം 400 ഗ്രാം പച്ചക്കറികൾ ആഹാരത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ മൂന്നിൽ രണ്ട് വിഭാഗം ജനങ്ങളുടെയും ഉപഭോഗം ശുപാർശ ചെയ്തിട്ടുള്ള അളവിനേക്കാൾ വളരെ കുറവാണ്. ആയതിനാൽ പോഷക പ്രധാന്യമുള്ള പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ നമ്മുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ പ്രസ്തുത വിളകളുടെ കൃഷി വ്യാപനം, ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മിഷനിലൂടെ ലക്ഷ്യമിടുന്നു.<br><br>പോഷകസമൃദ്ധിമിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ക്യാമ്പയിൻ മാതൃകയിലുള്ള വിപുലമായ ബോധവത്കരണ പരിപാടികൾ.<br>2. ആരോഗ്യരംഗത്തെ വിദഗ്ദരുമായും ന്യൂട്രിഷൻ വിദഗ്ദരുമായും ചേർന്ന് പോഷകാഹാരത്തിന്റെ പ്രാധാന്യം ജനങ്ങളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>3. പച്ചക്കറി/പഴവർഗ്ഗങ്ങൾ/ ചെറുധാന്യങ്ങൾ/ കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ പോഷക പ്രധാന്യമുള്ള വിളകളുടെ കൃഷി വ്യാപനം.<br>4. കൃഷിക്കൂട്ടങ്ങൾ ഉൾപ്പടെയുള്ള കർഷക കൂട്ടായ്മകളെ പ്രയോജനപ്പെടുത്തികൊണ്ടുള്ള കൃഷി വ്യാപനം.<br>5. പരമ്പരാഗത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കൽ.<br>6. പോഷകത്തോട്ട നിർമ്മാണം.<br>7. കൂൺ കൃഷി പ്രോത്സാഹിപ്പിക്കൽ.<br>8. കാർഷിക പാരിസ്ഥിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി ദേശിയതലത്തിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ പോഷകതളികയുടെ (ഫുഡ് പ്ലേറ്റ്) രൂപകല്പനയും പ്രചരണവും.<br>9. മിഷനിൽ ഉൾപ്പെട്ട വിളകളുടെ മൂല്യവർദ്ധനം, വിപണനം.<br>10. വിവിധ കേന്ദ്രസംസ്ഥാന പദ്ധതികളുടെ സംയോജനം.<br><br>പ്രസ്തുത പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ 75 ലക്ഷം കുടുംബങ്ങളെ പോഷകസമൃദ്ധി മിഷന്റെ ഭാഗമാക്കും. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തുള്ള എല്ലാ കുടുംബങ്ങളെയും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ എത്രത്തോളം പ്രസക്തമാണ് എന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പോഷക സമൃദ്ധി മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷത്തിലും 25 ലക്ഷം വീതം ആകെ 75 ലക്ഷം കുടുംബങ്ങളെ ക്യാമ്പയിൻ മാതൃകയിലുള്ള പ്രവർത്തനങ്ങൾ നടത്തി മിഷന്റെ ഭാഗമാക്കുന്നു. തുടർന്ന് ഘട്ടം ഘട്ടമായി സംസ്ഥാനത്തെ മുഴുവൻ കുടുംബങ്ങളെയും പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>കേരളീയരുടെ മാറി വരുന്ന ഭക്ഷണശീലം യുവതലമുറയിൽ ജീവിതശൈലി രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ മുതലായ രോഗങ്ങൾ സർവ്വസാധാരണമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജീവിതശൈലിരോഗങ്ങൾ വർദ്ധിച്ചു വരുന്ന ഈ പശ്ചാത്തലത്തിൽ പോഷക സമൃദ്ധി മിഷന് വളരെയേറെ പ്രാധാന്യമുണ്ട്. പോഷക സമൃദ്ധി മിഷനിൽ ഊന്നൽ നൽകികൊണ്ട് പൊതുജനങ്ങൾക്കിടയിൽ പോഷക സമൃദ്ധവും, സുരക്ഷിതവുമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെ സംബന്ധിച്ചും അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ